# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 26 | 08/02/2016 ൽ മറുപടിക്ക് |
|---|---|

## ബാർ കോഴ സംബന്ധിച്ച വിജിലൻസ് കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർ കോഴ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ വിജിലൻസിനുണ്ടായ വീഴ്ചകൾ എന്തെല്ലാമാണ്; | (എ) | ബാർ കോഴക്കേസുകൾ കൈകാര്യം ചെയ്യുന്നതിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. |
| (ബി) | കോഴ വാങ്ങിയവർക്കെതിരെ കേസെടുക്കാൻ പര്യാപ്തമായ തെളിവുകൾ ലഭിച്ചിട്ടും അവയൊന്നും വിജിലൻസ് പരിഗണിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു; | (ബി) | അഴിമതി നിരോധന നിയമത്തിൽ വിവക്ഷിച്ചിട്ടുള്ള കുറ്റങ്ങൾക്ക് ആസ്പദമായ ഘടകങ്ങളും അതിലേക്ക് ഉപോൽബലകമായ തെളിവുകളും വെളിവാകാതെ വന്നതുമൂലം ആരോപണങ്ങൾ മാത്രം മുഖവിലയ്ക്കെടുത്ത് കേസുമായി മുന്നോട്ട് പോകാൻ സാധിക്കുകയില്ല. ആയതിനാലാണ് കേസുകൾ നിലനിൽക്കുന്നില്ലെന്ന നിഗമനത്തിൽ എത്തിചേർന്നിട്ടുള്ളത്. |
| (സി) | നിയമാനുസൃതവും മുഖം നോക്കാതെയും നടപടി സ്വീകരിക്കാതിരുന്നത് മൂലം വിജിലൻസിനു സ്വന്തം വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്നതും കോടതികളിൽ നിന്ന് നിരന്തര വിമർശനം ഏറ്റുവാങ്ങേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ, ആരോപിക്കുന്നതു പോലെ ബഹുമാനപ്പെട്ട കോടതി യാതൊരു വിമർശനവും നടത്തിയിട്ടില്ല. |
| (ഡി) | വിജിലൻസ് സംവിധാനത്തെ അഴിമതിക്കെതിരായ സംവിധാനമായി തന്നെ പ്രവർത്തിപ്പിക്കാൻ തയ്യാറാകുമോ? | (ഡി) | അഴിമതിയ്ക്കെതിരായ ശക്തമായ സംവിധാനമായിത്തന്നെയാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ